## ഐ.എച്ച്.ആർ.ഡി.യിലെ കൺസോളിഡേറ്റഡ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

124 (4512) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തുവരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി.-യിലെ താൽക്കാലിക ജീവനക്കാരുടെ ദിവസവേതന/ സമയബന്ധിത വേതനം 2019 ഫെബ്രുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആയത് വീണ്ടും പുതുക്കണമെന്ന ആവശ്യം ഐ.എച്ച്.ആർ.ഡി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നടപ്പിലാക്കാൻ നിർവ്വാഹമില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരുടെ വേതനവർദ്ധനവ് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം

125 (4513) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ.അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണോ നടത്തുന്നതെന്ന് അറിയിക്കാമോ?

6-8-2016-ലെ G.O(Ms)No.174/16/HEDN. ഉത്തരവിന്റെയും 29-5-2017-ലെ J3/359/2016/HEDN. നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ 2015 എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ 7-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം ഓപ്ഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്. 5-8-2019-ലെ GO(Ms) No.280/2019/HEDN. പ്രകാരം പുതുതായി സൃഷ്ടിച്ച 25 അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. മുഖേനയാണ് നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സർവകലാശാലയിലെ അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ എന്നീ തസ്തികകൾ സർവ്വകലാശാല ചട്ടപ്രകാരം അദ്ധ്യാപക തസ്തികകളാണോ; ഇവയിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത സർവ്വകലാശാലയിലെ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ നിയമനം സർവ്വകലാശാലയുടെ കീഴിലെ കോളേജുകളിലെ പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലെ അദ്ധ്യാപകരിൽനിന്നും സ്റ്റാറ്റ്യൂട്ട് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. അദ്ധ്യാപക തസ്തികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സർവ്വകലാശാലയിലെ പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ നിയമനത്തിന് UGC/AICTE നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം എന്ന് ആദ്യ സ്റ്റാറ്റ്യൂട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഡയറക്ടർ അക്കാദമിക് | 1 |
| ഡയറക്ടർ റിസർച്ച് | 1 |
| ജോയിന്റ് ഡയറക്ടർ | 2 |
| അസിസ്റ്റന്റ് ഡയറക്ടർ | 2 |

(സി) പ്രസ്തുത സർവ്വകലാശാലയിൽ ഒഴിഞ്ഞ് കിടക്കുന്ന എല്ലാ അനദ്ധ്യാപക തസ്തികകളിലേക്കും സ്ഥിരനിയമനം നടത്തുവാനായി ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല. 6-8-2016-ലെ G.O(Ms)No.174/16/HEDN ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ**

126 (4514) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ.-യുടെ 2020-ലെ മാനദണ്ഡപ്രകാരം എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും 2023-നുള്ളിൽ സ്ഥാപനങ്ങളിലെ അറുപത് ശതമാനം കോഴ്സുകൾക്കെങ്കിലും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (എൻ.ബി.എ.) നേടിയില്ലയെങ്കിൽ കൗൺസിലിന്റെ അംഗീകാരം നഷ്ടമാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly